No. CEE/3737/2012/KEAM-2013/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ (MBBS/BDS ഒഴികെ) പ്രവേശനം 2013

## ഒന്നാം ഘട്ട അലോട്ടുമെന്റ്

2013 ലെ MBBS/BDS ഒഴികെയുള്ള വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ടുമെന്റ് **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ **03.07.2013** ന് പ്രസിദ്ധീകരിക്കുന്നതാണ്.

ഒന്നാം ഘട്ട അലോട്ടുമെന്റ് മെമ്മോ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. **അതിന്റെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതും അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട കോളേജിൽ ഹാജരാക്കേണ്ടതുമാണ്.**

ഒന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോ പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ട ഫീസ് **04.07.2013** മുതൽ **06.07.2013** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും ഒന്നാം ഘട്ട അലോട്ടുമെന്റ് മെമ്മോ, ഡാറ്റാ ഷീറ്റ്, പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** പ്രകാരം ഉള്ള എല്ലാ അസൽ രേഖകളും സഹിതം അലോട്ട്മെന്റ് മെമ്മോയിൽ പറയുന്ന കോളേജുകളിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡ്മിഷൻ ഷെഡ്യൂൾ പ്രകാരം നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടേണ്ട വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള ബാക്കി തുക അതത് കോളേജുകളിൽ പ്രവേശന സമയത്ത് ഒടുക്കേണ്ടതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ഫീസ് ഒടുക്കാത്തവരുടേയും, കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടേയും അലോട്ടുമെന്റും, എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതും അവർ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്താകുന്നതുമാണ്.

**08.07.2013 വൈകുന്നേരം 5.30 ന്** എല്ലാ കോളേജ് അധികാരികളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

രണ്ടാം ഘട്ട അലോട്ടുമെന്റ് നടപടിക്രമങ്ങൾ **10.07.2013 ന്** ആരംഭിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് **ജൂലൈ 10 മുതൽ 11 വൈകുന്നേരം 5** മണി വരെ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും നിലവിലുള്ള ഓപ്ഷനുകൾ റദ്ദ് ചെയ്യുന്നതിനും വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**13.07.2013 ന്** പ്രസിദ്ധീകരിക്കുന്ന രണ്ടാം ഘട്ട അലോട്ട്മെന്റോടുകൂടി സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അലോട്ട്മെന്റ് നടപടികൾ അവസാനിക്കുന്നതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. **അല്ലാത്തപക്ഷം പ്രോസ്പെക്ടസിലെ ഖണ്ഡിക 12.2.4 (c) പ്രകാരമുള്ള പിഴ നൽകാൻ ബാധ്യസ്ഥരായിരിക്കും.**

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
02.07.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**